പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1205 **15-10-2026-ൽ മറുപടിയ്ക്ക്**

അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) 25 വർഷങ്ങൾക്ക് മേൽ നല്ല നിലയിൽ പ്രവർത്തിച്ച് വരുന്ന പിന്നാക്ക പ്രദേശങ്ങളിലെ സാധാരണക്കാരുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നല്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യാക്കുമോ;

മറുപടി: അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾ 22/05/2019 ലെ ജി.ഒ.(എം.എസ്) നമ്പർ 45/2019/പൊ.വി.വ., 01/03/2019 തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ 22/2019/പൊ.വി.വ എന്നീ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നതെങ്കിൽ പ്രസ്തുത സ്കൂളുകൾ ടി ഉത്തരവ് പ്രകാരമുള്ള അപേക്ഷയും ചെക്ക് ലിസ്റ്റിലെ അനുബന്ധരേഖകളും ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ സർവ്വേ റിപ്പോർട്ടും ശിപാർശയും സഹിതമുള്ള വിശദമായ പ്രൊപ്പോസൽ ഉചിതമാർഗ്ഗേണ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അർഹമാണെങ്കിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ദേശീയ വിദ്യാഭ്യാസ ചട്ടങ്ങൾ പാലിച്ച് നടത്തുന്ന എൽ.പി., യു.പി. വിഭാഗങ്ങൾക്ക് അടിയന്തരമായി അംഗീകാരം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

മറുപടി: 22/05/2019 തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ 45/2019/പൊ.വി.വ., 01/03/2019 തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ 22/2019/പൊ.വി.വ എന്നീ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള അപേക്ഷയും അനുബന്ധരേഖകളും ഉചിതമാർഗ്ഗേണ പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ വർഷം ഇതുവരെ ഇങ്ങനെ അംഗീകാരം ലഭിക്കാൻ എത്ര സ്കൂളുകൾ അപേക്ഷ നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

മറുപടി: 20 സ്കൂളുകൾ

(ഡി) ഇങ്ങനെയുള്ള സ്കൂളുകൾക്ക് അംഗീകാരം നല്കുന്നതിന് തടസ്സമായ അനാവശ്യ വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

മറുപടി: ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

(ഇ) പട്ടികസമുദായക്കാർ, ന്യൂനപക്ഷങ്ങൾ, പിന്നാക്കക്കാർ, മത്സ്യതൊഴിലാളികൾ എന്നിവർ തിങ്ങി പാർക്കുന്നതും മറ്റുമായ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളുടെ അംഗീകാരം അടിയന്തരമായി നല്കുന്നതിന് മുന്തിയ പരിഗണന നല്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ലഭ്യമാകുന്ന അപേക്ഷകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ